# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

കോവീഡ് 19 പ്രതിരോധ നടപടികൾ-നിബന്ധനകൾ പാലിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽഭക്തജനങ്ങളെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപടി ഉത്തരവ് നമ്പർ ആർഒസി. 3701/20/എസ്റ്റ 1(i)  തിരുവനന്തപുരം, തീയതി: 22/07/2020

**പരാമർശം** :1 **17/06/2020 ലെ ആർ.ഒ.സി 3701/20/** Est-1 **ബോർഡുത്തരവ്**
2 **30/06/2020 ലെ ആർ.ഒ.സി 3701/20/** Est-1 **ബോർഡുത്തരവ്**
3 **22/07/2020 ലെ ബോർഡ് തീരുമാനം**

## ഉത്തരവ്

കോവീഡ് 19 രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രവേശനാനുമതി നിഷേധിച്ചു ബോർഡ് ഉത്തരവായിരുന്നു (പരാമർശം 1,2). ഇതുമൂലം ഭക്ത ജനങ്ങളിൽ വ്യാപകമായ അസ്വസ്ഥത നിലവിലുണ്ട് എന്നു ബോർഡ് മനസിലാക്കുന്നു. ഇപ്പൊഴത്തെ സാഹചര്യത്തിൽ ഭക്തർക്ക് ക്ഷേത്രത്തിന്നുള്ളിൽ പ്രവേശനം അനുവദിക്കുക പ്രായോഗികമല്ല. ഈ വസ്തുതകൾ കണക്കിലെടുത്ത് ക്ഷേത്രം തുറന്നിരിക്കുന്ന സമയങ്ങളിൽ നാലമ്പലത്തിന് വെളിയിൽ സാമൂഹിക അകലം പാലിച്ച് കൊണ്ട് ഒരേ സമയം 5 പേരിൽ കൂടാത്ത തരത്തിൽ ഭക്തർക്ക് ദർശനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കണ്ടയിന്മെന്റ്/റെഡ് സോണുകൾ, ട്രിപിൾ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഈ ഉത്തരവ് ബാധകമായിരിക്കുന്നതല്ല

ഭക്തർക്ക് വഴിപാടുകൾ നടത്തുന്നതിന് സൗകര്യം ലഭ്യമാക്കേണ്ടതാണ്. വഴിപാട് കഴിഞ്ഞു പ്രസാദം ഭക്തരുടെ പേരെഴുതി പുറത്ത് സൗകര്യപ്രദമായ ഒരു കൗണ്ടർ വഴി നൽകേണ്ടതാണ്.

ടി തീരുമാനം നടപ്പിലാക്കുമ്പോൾ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട ചുമതല അതാത് സബ് ഗ്രൂപ്പ് ആഫീസർമാർക്കും, ജീവനക്കാർക്കും ഉണ്ടായിരിക്കുന്നതാണ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,
(ഒപ്പ്)
**സെക്രട്ടറി**

**അംഗീകാരത്തോടെ,**

**അസിസ്റ്റന്റ് സെക്രട്ടറി**

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. മിനിററ്സ് സെക്ഷൻ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി
6. സെക്ഷൻ ഫയൽ